"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - മാലിന്യമുക്തം നവകേരളം - ജില്ലാ ക്യാമ്പയിൻ കോ-കോർഡിനേറ്റർമാരുടെ ഓണറേറിയം നൽകേണ്ട തീയതി സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.903/2024/LSGD തീയതി,തിരുവനന്തപുരം, 23-05-2024

---

പരാമർശം:- (1) സ.ഉ.(സാധാ) നം. 2562/2023/തസ്വഭവ തീയതി 23.12.2023.

(2) മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ 03.02.2024-ന് നടന്ന ജില്ലാ തല കോ-കോർഡിനേറ്റർമാരുടെ അവലോകന യോഗം.

(3) 22.03.2024-ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം.

(4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.04.2024-ലെ 1046/C5/2024/SM നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ജില്ലാ ക്യാമ്പയിൻ കോ-കോർഡിനേറ്റർമാർ ജനുവരി 2024 മുതൽ നിയമിതരായിട്ടുള്ളതാണ്. നിയമന ഉത്തരവിൽ കോ-കോർഡിനേറ്റർമാരുടെ നിയമാനുസൃത യാത്രാപ്പടി കില നൽകണമെന്ന് പരാമർശിച്ചിട്ടുണ്ട്.

(2) പരാമർശം (2)-ലെ ജില്ലാതല കോ-കോർഡിനേറ്റർമാരുടെ അവലോകന യോഗത്തിൽ ജില്ലാ കോർഡിനേറ്റർമാർക്കുള്ള യാത്ര സൗകര്യം, ഓണറേറിയം എന്നിവ ശുചിത്വ മിഷൻ നൽ കാൻ തീരുമാനിച്ചിരുന്നു. പരാമർശം (3)-ലെ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനുവരി 1 മുതൽ പ്രവർത്തിച്ചുവരുന്ന കോ-കോർഡിനേറ്റർമാർക്ക് പ്രതിമാസ ഓണറേറിയം, യാത്ര ചെലവ് എന്നിവ നൽകുന്നതിനുള്ള പ്രൊപ്പോസൽ കില തയ്യാറാക്കി ശുചിത്വമിഷന് സമർപ്പിക്കണമെന്നും ഇത് പ്രകാരമുള്ള തുക ശുചിത്വമിഷൻ കിലക്ക് നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(3) ജില്ലാ ക്യാമ്പയിൻ കോഡിനേറ്റർമാർക്ക് ഓണറേറിയം, യാത്ര ബത്ത എന്നിവ നൽകുന്നതിനായി ഒരാൾക്ക് പ്രതിമാസം 30000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 50,40,000 രൂപയുടെ പ്രൊപ്പോസൽ കില തയ്യാറാക്കി ശുചിത്വ മിഷന് സമർപ്പിച്ചതായി പരാമർശം (4) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നു മുതൽക്കാണ് ഓണറേറിയം നൽകേണ്ടത് എന്നത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(4) കില നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള തുക കോ-കോർഡിനേറ്റർമാരുടെ നിയമന തീയതി മുതൽ നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Pradeesh Kumar M K
Date: 24-05-2024 10:24:46
സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.